പ്രതികളെ പിടികൂടാത്ത മോഷണ കേസ്സുകൾ

65 (1534) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതികളെ പിടികൂടാത്ത മോഷണ കേസ്സുകളിൽ പ്രതികളെ പിടികൂടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രതികളെ പിടികൂടാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് മോഷണങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ ഇവരെ പിടികൂടുന്നതിന് എന്തൊക്കെ നവീന നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പ്രതികളെ പിടികൂടുന്നതിന് വേണ്ടി രാത്രികാല പട്രോളിംഗ് ബീറ്റ് ഡ്യൂട്ടി, ഫുട് പട്രോളിംഗ്, എസ്.ഐ., സി.ഐ., ഡിവൈ.എസ്.പി. തുടങ്ങിയ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ റെസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ചും കൂടാതെ അന്യസംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരുമായി ഇടയ്ക്കിടെ ബന്ധപ്പെട്ട് ഇരുസംസ്ഥാനങ്ങളിലുമുള്ള ക്രിമിനൽസിനെ സംബന്ധിച്ച് ആശയ വിനിമയം നടത്തുകയും അതിർത്തി ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാരുമായി ബന്ധപ്പെട്ട് അന്തർസംസ്ഥാന മോഷ്ടാക്കളെ പിടികൂടുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കുറ്റം ചെയ്ത പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവ് ലഭിക്കാത്ത സാഹചര്യത്തിലും കൃത്യത്തിന് ശേഷം പ്രതികൾ സംസ്ഥാനത്തും അന്യസംസ്ഥാനത്തോ, വിദേശത്തോ ഒളിവിൽ പോകുകയും ഇവരെക്കുറിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്ക് തുമ്പ് ലഭിക്കാത്തതുമായ അവസരങ്ങളിലാണ് കാലതാമസം ഉണ്ടാകുന്നത്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ സ്ഥിരമായി താവളങ്ങൾ മാറ്റിക്കൊണ്ടിരിക്കുകയാണ് പതിവ്.

(സി) നവീന നടപടികൾ സ്വീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കുറ്റപത്രം നൽകാത്ത ക്രിമിനൽ കേസ്സുകൾ

66 (1535) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2003-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് എത്ര ക്രിമിനൽ കേസ്സുകളിൽ കുറ്റപത്രം നൽകാതെയുണ്ട് ; എന്നുമുതൽ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റപത്രം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ത് ;

(സി) ഒരു കുറ്റകൃത്യത്തെപ്പറ്റി കേസ് രജിസ്റ്റർ ചെയ്യുന്ന ദിവസം മുതൽ നിശ്ചിതകാലത്തിനുള്ളിൽ കുറ്റപത്രം സമർപ്പിച്ചിരിക്കണം എന്നു നിയമവ്യവസ്ഥയുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത കാലയളവ് എത്ര എന്ന് പറയുമോ ;

(എഫ്) കേസുകളിൽ കുറ്റപത്രം കൊടുത്തുവോ എന്ന് വീക്ഷിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ അത് എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 28535 കേസ്സുകൾ. 10-10-1987 മുതൽ.

(ബി) പ്രതികളെ കണ്ടുപിടിക്കാനുള്ള കാലതാമസവും, കൂടുതൽ സാക്ഷികളെ കണ്ട് വാദിക്കേണ്ടതിനാലും, ചില കേസ്സുകളിൽ ശാസ്ത്രീയപരിശോധനാ റിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം കൊണ്ടും മറ്റു ചില കേസ്സുകളിൽ പ്രോസിക്യൂഷൻ അനുമതി കിട്ടാൻ വൈകുന്നതുകൊണ്ടും, ചില കേസ്സുകളിൽ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതുകൊണ്ടുമാണ് മേൽപ്പറഞ്ഞ കേസസ്സുകളിൽ കുറ്റപത്രം സമർപ്പിക്കാൻ കാലതാമസം നേരിടുന്നത്.

(സി) കുറ്റത്തിനുള്ള ശിക്ഷാ കാലാവധിയുടെ അടിസ്ഥാനമനുസരിച്ച് കുറ്റപത്രം നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ പരമാവധി വേഗത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം എല്ലാ എസ്.എച്ച്.ഒ.മാർക്കും നൽകിയിട്ടുണ്ട്. അവ യഥാസമയം ചെയ്യുന്നുണ്ടോയെന്ന് നോക്കുന്നതിനായി എല്ലാ സബ് ഡിവിഷണൽ പോലീസ് ഉദ്യോഗസ്ഥർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ക്രൈം കോൺഫറൻസുകളിലും ഇക്കാര്യം പ്രത്യേകം പരിശോധിച്ച് വിലയിരുത്താൻ എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കാലയളവ് സംബന്ധിച്ച് ക്രിമിനൽ നടപടി നിയമം 468-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. ടി വകുപ്പിന്റെ പകർപ്പ് ഇതോടൊപ്പം *അനുബന്ധമായി ചേർത്തിട്ടുണ്ട്.

(എഫ്) സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളും കേസ് ഡയറികളും യഥാസമയങ്ങളിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ പരിശോധനകൾ നടത്തി ചാർജ്ജ് കൊടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകി വരാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly